**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ജനകീയാസൂത്രണം – പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ശേഷിക്കുന്ന ഭാഗം തയ്യാറാക്കുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ നടപടിക്രമങ്ങളും പദ്ധതി തയ്യാറാക്കുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങളും – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഎ)വകുപ്പ്**

ജി.ഒ(എം.എസ്)നമ്പർ. 103/2008/തസ്വഭവ　　　　തിരുവനന്തപുരം, തീയതി: 31.03.2008

---

പരാമർശം: 1. 14.05.2007– ലെ ജി.ഒ.(എം.എസ്) 128/2007/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 24.07.2007– ലെ ജി.ഒ(എം.എസ്) 183/2007/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. 06.03.2008 – ലെ ജി.ഒ(എം.എസ്) 65/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

തദ്ദേശഭരണസ്ഥാപനങ്ങൾ പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ ശേഷിക്കുന്ന ഭാഗം, മൂന്ന് ഘട്ടങ്ങളായി തയ്യാറാക്കണമെന്നാണ് പരാമർശം മൂന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാംഘട്ടമായി ചില മേഖലകൾക്ക് മാത്രം 2008–09 വാർഷിക പദ്ധതി തയ്യാറാക്കുകയും രണ്ടാം ഘട്ടമായി 2008–09 വാർഷിക പദ്ധതി പൂർണ്ണമായി തയ്യാറാക്കുകയും മൂന്നാംഘട്ടമായി പതിനൊന്നാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയാക്കുകയും ചെയ്യേണ്ടതുണ്ട്. ഒന്നാം ഘട്ട പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടിക്രമങ്ങളും പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ ശേഷിക്കുന്ന കാലയളവിലെ (2008–12) പദ്ധതി തയ്യാറാക്കുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങളും ഈ ഉത്തരവിന്റെ അനുബന്ധത്തിൽ ചേർത്തിട്ടുള്ളത് പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. നഗരകാര്യ ഡയറക്ടർ
12. പബ്ലിക് റിലേഷൻസ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
13. മുഖ്യ നഗരാസൂത്രകൻ
14. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
16. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

17. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
22. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
23. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
24. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
25. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
26. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
27. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
28. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാന്റ് പി.എ.യ്ക്ക്
3. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

**പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ ശേഷിക്കുന്ന ഭാഗം തയ്യാറാക്കുന്ന തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടിക്രമങ്ങളും പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ ശേഷിക്കുന്ന കാലയളവിലെ (2008–12) പദ്ധതി തയ്യാറാക്കുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങളും.**

**(എ) പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ ശേഷിക്കുന്ന ഭാഗം തയ്യാറാക്കുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

**1. ആമുഖം**

പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ ശേഷിക്കുന്ന ഭാഗം തയ്യാറാക്കുന്നതിന്റെ ഒന്നാം ഘട്ടമായി ചില മേഖലകൾക്ക് മാത്രം അടിയന്തിരമായി 2008–09 വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതുണ്ട്. ചുവടെ പ്രതിപാദിക്കുന്ന മേഖലകൾക്കാണ് ഇപ്രകാരം പദ്ധതി തയ്യാറാക്കേണ്ടത്.

(i) കൃഷി – പ്രത്യേകിച്ച് മഴക്കാലത്ത് (monsoon season) ഏറ്റെടുത്ത് നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയുള്ള കാർഷിക വികസന പരിപാടികൾ

(ii) ഭവന നിർമ്മാണം

(iii) കുടിവെള്ള കിണറുകൾ

(iv) ശുചിത്വം – വീടുകൾക്കും സ്ഥാപനങ്ങൾക്കും കക്കൂസ് നിർമ്മാണം/ഖരമാലിന്യ പരിപാലന പ്രോജക്ടുകൾ

(v) വിദ്യാഭ്യാസം – സർവ്വശിക്ഷാ അഭിയാൻ പരിപാടിയുമായി സംയോജിപ്പിച്ചു കൊണ്ടുള്ള പദ്ധതി

(vi) ആരോഗ്യം – മഴക്കാലത്തിന് മുമ്പെ ഏറ്റെടുക്കേണ്ടുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ, സാമഗ്രികൾ വാങ്ങൽ എന്നിവയുമായി ബന്ധപ്പെട്ട പരിപാടികൾ ഉൾപ്പെടുത്തി ആരോഗ്യ പദ്ധതി.

(vii) സംയോജിത ശിശുവികസന പരിപാടി: മൂന്ന് വയസ്സു വരെ പ്രായമുള്ള ശിശുക്കൾ, 3–6 വരെ പ്രായമുള്ള കുട്ടികൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നീ വിഭാഗങ്ങൾക്ക് പോഷകാഹാരവിതരണം, അംഗൻ വാടികൾക്ക് സ്ഥലംവാങ്ങലും കെട്ടിട നിർമ്മാണവും, അംഗൻവാടികൾക്ക് പഠനസഹായികളും മറ്റ് ഉപകരണങ്ങളും വിതരണം ചെയ്യൽ

(viii) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പരിപാടിയുടെ ഭാഗമായുള്ള പ്രോജക്ടുകൾ

(ix) ആശുപത്രികൾ, സ്കൂളുകൾ, അംഗൻവാടികൾ എന്നിവയുടെ മെയിന്റനൻസ് പദ്ധതികൾ.

മേൽപറഞ്ഞ മേഖലകളിലുള്ള പ്രോജക്ടുകൾ നിശ്ചിത ഫോറങ്ങളിൽ തയ്യാറാക്കി അവയും 2008–09 ലെ പൂർണ്ണ വാർഷിക പദ്ധതിയുടെ വിഭവ വകയിരുത്തൽ സംബന്ധിച്ച് നിശ്ചിത ഫോറത്തിലുള്ള ഒരു സ്റ്റേറ്റ്മെന്റും മാത്രം ഈ ഘട്ടത്തിൽ സമർപ്പിച്ചാൽ മതിയാകുന്നതാണ്. ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രോജക്ടുകളും സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന് 2008 ഏപ്രിൽ 22–നകം സമർപ്പിക്കേണ്ടതും ഏപ്രിൽ 30–നകം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി നിർവഹണം ആരംഭിക്കേണ്ടതുമാണ്.

**2. മുന്നൊരുക്ക പ്രവർത്തനങ്ങൾ**

പദ്ധതി രൂപീകരണം ഫലപ്രദവും സമയബന്ധിതവുമായി നിർവഹിക്കുന്നതിന് താഴെ പറയുന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**(1) ജില്ലാതല ശില്പശാല**

(i) **പങ്കെടുക്കേണ്ടവർ**

പദ്ധതി ആസൂത്രണത്തിൽ നേരിട്ട് പങ്കാളികളാകേണ്ടവരും നേതൃത്വം നൽകേണ്ടവരുമായ താഴെ പറയുന്നവർ ജില്ലാതല ശില്പശാലയിൽ പങ്കെടുക്കേണ്ടതാണ്.

(a) തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ

(b) സെക്രട്ടറി

(c) നീർത്തട പരിപാലനം, കുടിവെള്ളം-ശുചിത്വം, ദാരിദ്ര്യലഘൂകരണം, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസുരക്ഷിതത്വം, ഊർജ്ജം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർമാൻ/കൺവീനർ

(d) എഞ്ചിനീയർ

(e) പ്ലാൻ കോ-ഓർഡിനേറ്റർ

(f) പ്ലാൻ ക്ലാർക്ക്

(ii) **രീതിയും നടത്തിപ്പും**

അർദ്ധദിന ശില്പശാലയാണ് ജില്ലാതലത്തിൽ സംഘടിപ്പിക്കേണ്ടത്. ഒരു കേന്ദ്രത്തിൽ ഒരു ദിവസം രണ്ട് സെഷനുകൾ നടത്തണം. 10 - 12 തദ്ദേശഭരണ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് രാവിലെ 10 മുതൽ ഉച്ചയക്ക് 1 മണി വരെ ഒരു ശില്പശാലയും അതേപോലെ പ്രസ്തുത വേദിയിൽ വച്ചുതന്നെ ഉച്ചയ്ക്ക് 2 മുതൽ വൈകുന്നേരം 5 മണിവരെ മറ്റൊരു ശില്പശാലയും നടത്തണം. ഒരു ദിവസം ഇതേ രീതിയിൽ ആവശ്യാനുസരണം ജില്ലയിലെ രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽവച്ച് ഇത്തരം ശില്പശാലകൾ നടത്തേണ്ടതും രണ്ട് ദിവസം കൊണ്ട് ഒരു ജില്ലയിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലേയും പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതല ശില്പശാലകൾ പൂർത്തീകരിക്കേണ്ടതുമാണ്.

ജില്ലാതല ശില്പശാലയുടെ തീയതികൾ - 2008 ഏപ്രിൽ 4, 5.

(iii) **ജില്ലാതല ശില്പശാലയെ സംബന്ധിച്ച അറിയിപ്പ്**

ജില്ലയിലെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലേയും പ്രതിനിധികൾ പങ്കെടുക്കേണ്ട ശില്പശാലയെ സംബന്ധിച്ച അറിയിപ്പ് (തീയതി, വേദി, സമയം) ജില്ലാ ആസൂത്രണ സമിതി ഓഫീസിൽ നിന്നും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

(iv) **ചുമതല**

ജില്ലാതല ശില്പശാലയുടെ സംഘാടനം, നടത്തിപ്പ് എന്നിവയുടെ ചുമതല ജില്ലാ പ്ലാനിംഗ് ഓഫീസർക്കായിരിക്കും. ജില്ലയിലെ ഫാക്കൽട്ടി അംഗങ്ങളുടെ പൂർണ്ണമായ സഹായം ജില്ലാതല ശില്പശാലയുടെ സംഘാടനത്തിനും നടത്തിപ്പിനും പ്രയോജനപ്പെടുത്തേണ്ടതാണ്.

**(2) തദ്ദേശഭരണസ്ഥാപനത്തിന്റെ ഭരണസമിതി യോഗം**

2008 ഏപ്രിൽ 8 നകം ഓരോ തദ്ദേശഭരണ സ്ഥാപനവും ഭരണസമിതി യോഗം ചേർന്ന് ഒന്നാം ഘട്ട പദ്ധതിയിലേക്കുള്ള പ്രോജക്ട് വികസന മുൻഗണന, കരട് നിർദ്ദേശങ്ങൾ എന്നിവ തയ്യാറാക്കുകയും പദ്ധതി രൂപീകരണ നടപടികൾക്ക് കർമ്മപരിപാടി തയ്യാറാക്കി അംഗീകാരം നൽകുകയും വേണം. രണ്ടാം വാർഷിക പദ്ധതിക്കായുള്ള മേഖലാ വിഭജനം സംബന്ധിച്ച തീരുമാനവും പ്രസ്തുത ഭരണസമിതി യോഗത്തിൽ എടുക്കേണ്ടതാണ്.

**3. പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ**

**(1) വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതുയോഗം**

2008 ഏപ്രിൽ 10-നകം നീർത്തട പരിപാലനം, കുടിവെള്ളം-ശുചിത്വം, ദാരിദ്ര്യ ലഘൂകരണം, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസുരക്ഷിതത്വം, ഊർജ്ജം എന്നീ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ യോഗം വിളിച്ചു ചേർക്കണം. ഭരണസമിതി തയ്യാറാക്കിയ മേഖലാ വിഭജനം സംബന്ധിച്ച നിർദ്ദേശങ്ങളും മുൻഗണനാ തീരുമാനവും യോഗത്തിൽ അവതരിപ്പിക്കുകയും വർക്കിംഗ്ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച നടത്തി ഓരോ മേഖലയിലേയും കരട് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും ചെയ്യണം.

**(2) സ്ഥാപന സന്ദർശനം, സ്ഥാപനതല യോഗം**

മെയിന്റനൻസ്പ്ലാൻ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഓരോ സ്ഥാപനത്തിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ സന്ദർശിക്കുകയും തുടർന്ന് ചേരുന്ന ഓരോ സ്ഥാപനതല യോഗത്തിലും വിശദമായ ചർച്ച നടത്തുകയും ചെയ്തതിനുശേഷം കരട് പ്രോജക്ടുകൾ തയ്യാറാക്കുകയും വേണം. കഴിയുന്നിടത്തോളം ജനപ്രതിനിധികളും ഈ യോഗങ്ങളിൽ പങ്കെടുക്കണം. സ്ഥാപന സന്ദർശനത്തിൽ ഓരോ സ്ഥാപനത്തിന്റേയും കാര്യക്ഷമമായ പ്രവർത്തനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം എന്നും ഓരോ സ്ഥാപനവുമായും ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ഏതെല്ലാം എന്നും 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തിരമായും ചെയ്യേണ്ട പ്രവൃത്തികൾ ഏതെല്ലാം ദീർഘകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടവ ഏതെല്ലാം എന്നും തീരുമാനിക്കേണ്ടതാണ്.

**(3) മെയിന്റനൻസ്പ്ലാൻ തയ്യാറാക്കുന്നതിനുള്ള തദ്ദേശഭരണസ്ഥാപന തലത്തിലുള്ള യോഗം**

2008 ഏപ്രിൽ 12 നകം സ്ഥാപനതല മേധാവികളുടേയും സ്ഥാപനവുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ (ഉദാ: പി.ടി.എ) ഓരോ പ്രധാന ഭാരവാഹിയേയും പങ്കെടുപ്പിച്ചു കൊണ്ട് തദ്ദേശഭരണസ്ഥാപനതല യോഗം ചേരണം. വർക്കിംഗ് ഗ്രൂപ്പ് ഭാരവാഹികളും ഈ യോഗത്തിൽ പങ്കെടുക്കണം. ഈ യോഗത്തിൽവച്ച് സ്ഥാപനതല മെയിന്റനൻസ് പ്ലാനിനെ വിഷയാടിസ്ഥാനത്തിലും പിന്നീട് തദ്ദേശഭരണ സ്ഥാപനതലത്തിലും ക്രോഡീകരിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ മെയിന്റനൻസ് പ്ലാനിന് രൂപം നൽകണം. അതിന്റെ അടിസ്ഥാനത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പും വികസന പ്രോജക്ടുകളേയും മെയിന്റനൻസ് പ്രോജക്ടുകളേയും സംബന്ധിച്ചുള്ള അന്തിമ നിർദ്ദേശങ്ങൾ തയ്യാറാക്കി ഭരണസമിതിക്ക് നൽകണം.

**(4) ഭരണസമിതി യോഗം**

വർക്കിംഗ്ഗ്രൂപ്പ് നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനായി 2008 ഏപ്രിൽ 15–ാം തീയതിയെങ്കിലും ഭരണസമിതി യോഗം ചേരണം. ഈ യോഗത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ മെയിന്റനൻസ് പ്ലാനിനും 2008–09 വാർഷിക പദ്ധതിയിലെ ഒന്നാം ഘട്ട പ്രോജക്ടുകൾക്കും ഭരണ സമിതി കരട് രൂപം നൽകണം. തുടർന്ന് ഗ്രാമസഭകളിൽ/വാർഡ്സഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടണം.

**(5) പ്രോജക്ടുകൾ തയ്യാറാക്കൽ**

2008 ഏപ്രിൽ 22 നകം വർക്കിംഗ് ഗ്രൂപ്പുകൾ, പ്രോജക്ടുകൾ നിശ്ചിത ഫോറങ്ങളിൽ തയ്യാറാക്കണം. മരാമത്ത് പ്രവൃത്തികൾ ഉൾപ്പെടുന്ന പ്രോജക്ടുകളോടൊപ്പം വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതാണ്.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇലക്ട്രോണിക് രൂപത്തിലായിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടത്.

**(6) പദ്ധതി സമർപ്പണം**

പദ്ധതി അംഗീകരിച്ച ഭരണസമിതി തീരുമാനത്തോടൊപ്പം വർക്കിംഗ്ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ടുകളും 2008–09–ലെ പൂർണ്ണ വാർഷിക പദ്ധതിയുടെ വിഭവവകയിരുത്തൽ സംബന്ധിച്ച നിശ്ചിത ഫോർമാറ്റിലുള്ള ഒരു സ്റ്റേറ്റ്മെന്റും, മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിനു വേണ്ടി ചേർന്ന തദ്ദേശഭരണ സ്ഥാപനതല യോഗത്തിന്റെ മിനിട്സ്, തീരുമാനങ്ങൾ എന്നിവയും കൂടി 2008 ഏപ്രിൽ 22 ന് ബന്ധപ്പെട്ട ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് സമർപ്പിക്കണം.

**(7) ജില്ലാ ആസൂത്രണ സമിതി അംഗീകാരം**

2008 ഏപ്രിൽ 25 നും 30 നും ഇടയ്ക്ക് ജില്ലാ ആസൂത്രണ സമിതികൾ യോഗം ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2008–09 ലെ ഒന്നാംഘട്ട പദ്ധതിക്ക് അംഗീകാരം നൽകേണ്ടതാണ്.

**(8) സാങ്കേതികാനുമതി**

2008 ഏപ്രിൽ 30 മുതൽ ബന്ധപ്പെട്ട ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള സബ്ഗ്രൂപ്പുകൾ യോഗം ചേർന്ന്, പ്രോജക്ടുകൾ ലഭിക്കുന്നമുറയ്ക്ക് മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകേണ്ടതാണ്.

**(ബി) പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ ശേഷിക്കുന്ന കാലയളവിലെ (2008–12) പദ്ധതി തയ്യാറാക്കുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ**

(1) ഇ.എം.എസ്. പാർപ്പിട പദ്ധതി മുഖേന ഓരോ ദരിദ്ര കുടുംബത്തിനും വീട് ലഭ്യമാക്കുക, ഖരമാലിന്യ പരിപാലനത്തിന് മുൻഗണന നൽകുന്ന സമ്പൂർണ്ണ ശുചിത്വ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്നിവ തദ്ദേശഭരണസ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവൽസര പദ്ധതിയിലെ പ്രധാന മുൻഗണനകളാണ്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ചുവടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

(i) 2008–11 കാലയളവിൽ ഭവനരഹിതരായ എല്ലാ ദരിദ്ര കുടുംബങ്ങൾക്കും വീട് നൽകുന്നതിനും ഭൂരഹിത–ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും വീട് വയ്ക്കാൻ സ്ഥലവും വീടും നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇ.എം.എസ്.പാർപ്പിട പദ്ധതി നടപ്പാക്കേണ്ടതാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പൊതുവിഭാഗം, പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് 15 ശതമാനത്തിൽ കുറയാതെയുള്ള തുക നിർബന്ധമായും ഈ പദ്ധതിക്കായി നീക്കിവയ്ക്കണം. ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാക്കുന്ന ഇന്ദിരാ ഭവന പരിപാടിയുടെ അധികവഹിതം നൽകുന്നതിനും ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് വിഹിതം നൽകുന്നതിനുമാണ് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വികസന ഫണ്ടിൽ നിന്ന് നീക്കിവയ്ക്കുന്ന വിഹിതം വിനിയോഗിക്കേണ്ടത്. ഇന്ദിരാ ഭവന പരിപാടിയുടെ അധിക വിഹിതം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ 2008–09 വാർഷികപദ്ധതി മുതൽ പ്രത്യേകം തുക വകയിരുത്തേണ്ടതില്ല. ഐ.എ.വൈ പരിപാടിയുടെ അധികവിഹിതം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി വഹിക്കേണ്ടതാണ്.

(ii) ശുചിത്വം, കുടിവെള്ളം എന്നീ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകി പ്രോജക്ടുകൾ തയ്യാറാക്കണം.

(iii) ഭവന നിർമ്മാണം, ശുചിത്വം, കുടിവെള്ളം എന്നീ മേഖലകൾക്ക് വകയിരുത്തുന്ന തുക മേഖലാ വിഭജന പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

**(2) സ്പിൽഓവർ പ്രോജക്ടുകൾ:-**

(i) 2007–08 വാർഷിക പദ്ധതിയിൽ നിർവഹണം പൂർത്തിയാകാത്ത (സ്പിൽഓവർ) പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനപ്രകാരം 2008 ഏപ്രിൽ ഒന്ന് മുതൽ തുടർന്ന് നടപ്പാക്കാവുന്നതും ബില്ലുകൾ സമർപ്പിച്ച് ട്രഷറിയിൽ നിന്നും തുക മാറാവുന്നതുമാണ്. 2007–08 വാർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ നിർവഹണം ആരംഭിക്കാത്തവ, നിർവഹണം പൂർത്തിയാകാത്തവ, നിർവഹണം പൂർത്തിയായെങ്കിലും തുക നൽകാൻ ബാക്കിയുള്ളവ എന്നീ പ്രേജക്ടുകളെ സ്പിൽഓവർ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത പ്രേജക്ടുകളുടെ നിർവഹണം പൂർത്തിയായില്ലെങ്കിലോ, നിർവഹണം പൂർത്തിയാകുകയും എന്നാൽ തുക നൽകാൻ ബാക്കിയുണ്ടെങ്കിലുമോ അത്തരം പ്രോജക്ടുകൾ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച വാർഷികപദ്ധതിയിൽ ഉൾപ്പെട്ടവയല്ലെങ്കിൽ പോലും സ്പിൽഓവർ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

(ii) നിർവഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകൾ ഒഴിവാക്കുന്നത് സംബന്ധിച്ചും ഭാഗികമായി നിർവഹണം പൂർത്തിയാക്കിയ പ്രോജക്ടുകൾ പാഴ്ചെലവ് വരാത്ത രീതിയിൽ നിർത്തിവയ്ക്കുന്നത് സംബന്ധിച്ചും തദ്ദേശഭരണ സ്ഥാപനത്തിന് തീരുമാനമെടുക്കാവുന്നതാണ്.

(iii) ഒഴിവാക്കുന്ന പ്രോജക്ടുകൾ, ഭാഗികമായി നിർവഹണം പൂർത്തിയാക്കിയതിൽ നിർവഹണം അവസാനിപ്പിക്കുന്ന പ്രോജക്ടുകൾ, തുടർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ എന്നിവ സംബന്ധിച്ച് തദ്ദേശഭരണസ്ഥാപനം ഒരു പ്രമേയം പാസാക്കേണ്ടതാണ്.

(3) ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ നടപടി ഉത്തരവിന്റെ (DPC Proceedings) അടിസ്ഥാനത്തിൽ മാത്രം ട്രഷറിയിൽ നിന്നും ബില്ലുകൾ മാറുന്ന സമ്പ്രദായം 2008–09 വാർഷിക പദ്ധതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. എന്നാൽ 2007–08 വാർഷികപദ്ധതിയിൽ നിർവ്വഹണം പൂർത്തിയാകാത്ത (സ്പിൽഓവർ) പ്രോജക്ടുകൾ 2008 ഏപ്രിൽ ഒന്ന് മുതൽ തുടർന്ന് നടപ്പാക്കുമ്പോൾ അവയുടെ ബില്ലുകൾ മാറുന്നതിന് ഡി.പി.സി. പ്രോസീഡിംഗ്സ് നിർബന്ധമല്ല. 2008–09 വാർഷിക പദ്ധതിയിൽ ചില മേഖലകൾക്ക് മാത്രമായി ആദ്യഘട്ടത്തിൽ തയ്യാറാക്കുന്ന പുതിയ പ്രോജക്ടുകൾ അംഗീകരിച്ചുകൊണ്ടുള്ള ഡി.പി.സി. പ്രൊസീഡിംഗ്സിൽ സ്പിൽഓവർ പ്രോജക്ടുകളുടെ വിശദാംശങ്ങൾകൂടി ഉൾപ്പെടുത്തുന്നതാണ്. 2007–08 വാർഷിക പദ്ധതിയുടെ പുതുക്കിയ നടപടി ഉത്തരവ്, പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം, ഉപേക്ഷിക്കുന്ന പ്രോജക്ടുകളുടെ ലിസ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ 2008–09 ൽ തുടർന്ന് നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മുഖേന തയ്യാറാക്കിയായിരിക്കും ഡി.പി.സി. പ്രൊസീഡിംഗ്സിൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം പ്രൊസീഡിംഗ്സ് പുറപ്പെടുവിക്കുന്ന തീയതി മുതൽ 2008–09 വാർഷിക പദ്ധതിയിലെ പുതിയ പ്രോജക്ടുകളുടേയും സ്പിൽഓവർ പ്രോജക്ടുകളുടേയും ബില്ലുകൾ ട്രഷറിയിൽനിന്നും മാറുന്നതിന് ഡി.പി.സി. പ്രൊസീഡിംഗ്സ് നിർബന്ധമായിരിക്കുന്ന താണ്.

(4) ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ആയിരിക്കണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. എല്ലാ പ്രോജക്ടുകളും വർക്കിംഗ്ഗ്രൂപ്പ് ചെയർമാനും കൺവീനറും (നിർവഹണ ഉദ്യോഗസ്ഥൻ) സാക്ഷ്യപ്പെടുത്തണം. വിവരങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളിക്കാത്ത പ്രോജക്ടുകൾ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ ശുപാർശ ചെയ്യേണ്ടതില്ല.

(5) നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ചിട്ടുള്ള മേഖലകളിലെ പ്രോജക്ടുകളുടെ നിർവഹണചുമതല മറ്റ് ഉദ്യോഗസ്ഥരെ; പ്രത്യേകിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയെ നിശ്ചയിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ചിട്ടുള്ള മേഖലകളിലെ പ്രോജക്ടുകളുടെ നിർവഹണ ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മാത്രമേ ഏൽപ്പിക്കാൻ പാടുള്ളൂ. അപ്രകാരമല്ലാതെയുള്ള പ്രോജക്ടുകൾ ടി.എ.ജി. ശുപാർശ ചെയ്യേണ്ടതില്ല.

**5. ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കലണ്ടർ**

| | | | |
|---|---|---|---|
| 1. | ജില്ലാതല ശില്പശാല | : | 2008 ഏപ്രിൽ 4, 5 |
| 2. | ഭരണസമിതി യോഗം | : | 2008 ഏപ്രിൽ 8–ാം തീയതിക്കകം |
| 3. | വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം | : | 2008 ഏപ്രിൽ 10–ാം തീയതിക്കകം |
| 4. | സ്ഥാപനതല യോഗം | : | 2008 ഏപ്രിൽ 11–ാം തീയതിക്കകം |
| 5. | മെയിന്റൻസ്പ്ലാൻ തദ്ദേശഭരണ സ്ഥാപന തലത്തിൽ തയ്യാറാക്കുന്നതിനുള്ള തദ്ദേശഭരണ സ്ഥാപനതലയോഗം | : | 2008 ഏപ്രിൽ 12–ാം തീയതിക്കകം |
| 6. | പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുള്ള ഭരണസമിതിയോഗം | : | 2008 ഏപ്രിൽ 15–ാം തീയതിക്കകം |
| 7. | ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങൾ | : | 2008 ഏപ്രിൽ 18 മുതൽ 20 വരെ |
| 8. | പ്രോജക്ടുകൾ തയ്യാറാക്കൽ | : | 2008 ഏപ്രിൽ 22 നകം |
| 9. | പദ്ധതി സമർപ്പണം | : | 2008 ഏപ്രിൽ 22 ന് |
| 10. | ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | 2008 ഏപ്രിൽ 25 മുതൽ 30 വരെ |
| 11. | സാങ്കേതികാനുമതി | : | 2008 ഏപ്രിൽ 30 മുതൽ |

******